# കേരള വികസന മാതൃക പൊളിച്ചെഴുതപ്പെടണം

മായാ പ്രമോദ്

**1.** വികസനം എന്നത് പൊതുവെ പറയുന്നത് രാജ്യത്തിന്റെ സാമ്പത്തിക വളർച്ച എന്ന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഒരു രാജ്യം ഏതൊക്കെ മേഖലകളിൽ വളർച്ചയിൽ എത്തിയെന്നത് പ്രധാനമാണ്. സ്ത്രീകൾ അടക്കമുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ ശാക്തീകരണം സംഭവിക്കുമ്പോഴാണ് വികസനം ഉണ്ടാവുന്നത്. ശിശുമരണനിരക്ക് കുറഞ്ഞ്, കുട്ടികൾ പോഷകാഹാരമുള്ളവരായി, രാജ്യത്തിന്റെ ഉത്തമ പൗരൻമാരായി വളരുന്നതാണ് വികസനം. സ്ത്രീകൾ, ട്രാൻസ് വിഭാഗങ്ങൾ, ദലിത്, ആദിവാസി, ന്യൂനപക്ഷങ്ങൾ എന്നിവർ വ്യക്തിയെന്ന നിലയിലും, സമൂഹത്തിന്റെ ഭാഗമെന്ന നിലയിലും രാജ്യത്തിന്റെ മൂലധന രൂപീകരണ പ്രക്രിയയുടെ ഭാഗമാകുമ്പോഴാണ് ആ രാജ്യം പുരോഗതി കൈവരിക്കുന്നത്. ഒരു രാജ്യത്തെ പാർശ്വവൽകൃത ജനതയുടെ സമഗ്രമായ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ശാക്തീകരണമാണ് വികസനം. അതാണ് പ്രധാനവും.

**2.** വിഭവ ദൗർലഭ്യം എന്നതിൽ പ്രധാനം ജല ദൗർലഭ്യമാണ്. ജലത്തിന്റെ പേരിൽ ഭാവിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആഭ്യന്തര യുദ്ധങ്ങൾ നമ്മൾ കാണുന്നതാണ്. വിഭവങ്ങളുടെ വിതരണം, ഒരു വിഭാഗത്തിൽ മാത്രം കേന്ദ്രീകരിക്കുകയും, രാജ്യത്തെ പാർശ്വവൽകൃത വിഭാഗങ്ങളായ ദലിത്/ആദിവാസി/ബഹുജൻ മൈനോറിറ്റി വിഭാഗങ്ങൾക്ക് വിഭവവിതരണത്തിൽ അസന്തുലിതാവസ്ഥ അനുഭവപ്പെടുകയും ചെയ്യുന്നു. സുപ്രധാന വിഭവങ്ങളായ, വനം, ഭൂമി, ജലം എന്നിവ പുനർനിർമ്മിക്കുവാനും, അവയുടെ സന്തുലിതാവസ്ഥ നിലനിർത്താനും ദലിത്/ആദിവാസി വിഭാഗങ്ങളോളം ശേഷി ഒരു സമൂഹത്തിനും ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ ആ വിഭാഗങ്ങൾ വിഭവസമാഹരണ പ്രക്രിയയിൽ നിന്നും പുറന്തള്ളപ്പെടുന്ന കാലത്തോളം വിഭവചൂഷണം പരിഹരിക്കപ്പെടില്ല.

**3.** സാമൂഹിക അസമത്വങ്ങൾ കുറക്കുന്നതിലും ലിംഗനീതി ഉറപ്പുവരുന്നതിലും ഒരുപരിധി വരെ മാത്രമേ വികസനത്തിന് സാധിക്കൂ. ഇവിടെ കാലങ്ങളായി സാമൂഹിക അസമത്വം പേറി ജീവിക്കുന്നവർ പാർശ്വവൽകൃതരായ അടിസ്ഥാന ജനവിഭാഗങ്ങളാണ്. രാജ്യത്തെ ട്രാൻസ് വ്യക്തിത്വങ്ങളുടെ വികസന പ്രക്രിയയിലെ ഇടപെടലുകൾ തുലോം കുറവാണ്. വികസനം എന്നത് ആ രാജ്യത്തെ പാർശ്വവൽകൃതരായ ജനവിഭാഗങ്ങളുടെ ജീവനും, സ്വത്തിനും, സാമൂഹിക രൂപികരണത്തിനുമുള്ള സംരക്ഷണവും കൂടിയാണ്. അവർ ആക്രമിക്കപ്പെടുന്നിടത്ത്, അവരുടെ വികസന സാധ്യതകൾ ഇല്ലാതെയാവുന്നിടത്ത്, ലിംഗനീതി ഉറപ്പാക്കുവാൻ കഴിയില്ല. കാരണം, ലോകം പുരുഷകേന്ദ്രീകൃതമായ ഒന്നാണ്. അവിടെത്തന്നെ, തൊഴിലാളി-മുതലാളി വ്യത്യാസം, ജാതി, മത, ലിംഗ വിവേചനം എന്നിവയും ഉണ്ടാകുന്നുണ്ട്. വികസന സാധ്യതകൾ ഉണ്ടാകുന്നിടത്ത് ലിംഗവിവേചനവും അസമത്വങ്ങളും ഉണ്ടാകുമ്പോൾ അതിനെതിരെ ശബ്ദമുയർത്തുവാനും തങ്ങളുടെ അവകാശം നേടിയെടുക്കുവാനും കഴിയുന്ന ഒരു തലമുറ വളർന്നുവരുന്നു എന്നതും വളരെ പ്രധാനമാണ്

**4.** കേരള വികസന മാതൃക പൊളിച്ചെഴുതപ്പെടണം എന്നു തന്നെയാണ് കരുതുന്നത്. കാരണം കേരളത്തിലെ ദലിത്/ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരെ അത് അരികുവൽക്കരിച്ചു. കേരള മോഡൽ വികസനത്തിന്റെ പ്രധാന അസമത്വം ജാതിക്കോളനികൾ തന്നെയാണ്. ജനങ്ങളുടെ സംഘടിതമായ സാമൂഹികവികാസം അല്ല അതിലൂടെ ഉണ്ടായത്. മറിച്ച്, പാർശ്വവൽകരിക്കപ്പെട്ട ജനതയെ പൊതുസമൂഹത്തിൽ നിന്നും, സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ മൂലധന രൂപീകരണത്തിൽ നിന്നും അത് പുറന്തള്ളി.

**5.** ഇന്ത്യയിലെ ഏതൊരു വികസന പദ്ധതിയും വരേണ്യതയുടെ മൂടുപടം ഇട്ടുനിൽക്കുന്നതും ലാഭകേന്ദ്രീകൃതമായതുമാണ്. അതുകൊണ്ടുതന്നെ ഇതിലൊന്നും ഉൾപ്പെടാത്ത ഒരു വിഭാഗം ജനത, വികസന മാതൃകകളിൽ നിന്നും പുറത്താക്കുന്ന വിഭാഗങ്ങൾ സ്വയം പ്രതിരോധം തീർക്കുകയും അത്തരം പ്രതിരോധങ്ങൾ-അവ സംഘടനാ രൂപം ഉള്ളതാകാം, വ്യക്തി കേന്ദ്രീകൃതമാകാം-ശക്തിപ്പെടുകയും വേണം. അത്തരം പ്രതിരോധങ്ങൾക്കു മാത്രമേ ഈ വികസന മാതൃകയെ ചോദ്യം ചെയ്യാൻ കഴിയൂ. അത്തരം പ്രതിരോധങ്ങൾക്കൊപ്പം തന്നെ ചേർന്നു നിൽക്കുന്നു.

**(ഗവേഷക, ആക്ടിവിസ്റ്റ്)**

# അപര്യാപ്തത തുല്യമല്ലാത്ത വിതരണം കൂടിയാണ്

മാത്യു. എ. വർഗീസ്

**1.** വികസനം എന്ന വാക്കുതന്നെ നന്നായി അവലോകം ചെയ്യേണ്ട ഒന്നാണ്. ഞാൻ വികസനം എന്ന ആശയത്തെ വിഷലൈസ് ചെയ്യാനാണ് ശ്രമിക്കുന്നത്. പോസ്റ്റ് കൊളോണിയൽ ഡവലപ്മെന്റിന്റെ ആദ്യത്തെ ഘട്ടത്തിൽ നമുക്കുണ്ടായിരുന്ന ഒരു പ്രധാനപ്പെട്ട പദം 'പുരോഗതി' എന്നതായിരുന്നു. ആളുകളുടെ ജീവിതത്തിന് മുകളിൽ പല ആക്രമണങ്ങളും നടന്നിരുന്നെങ്കിൽപ്പോലും പുരോഗതിയിൽ ഉണ്ടായിരുന്ന ഒരു സങ്കൽപ്പം സാമൂഹികത എന്നതായിരുന്നു. പക്ഷെ വികസനം എന്നത് കൃത്യമായിട്ടും എൺപതുകൾക്കും തൊണ്ണൂറുകൾക്കും ശേഷം ഉയർന്നുവന്ന സാമ്പത്തിക ലോജിക്കുമായി ബന്ധപ്പെട്ടതാണ്. വികസനം എന്ന പദത്തിന്റെ ഇംഗ്ലീഷ് expansion ആണ്. expand ചെയ്തുകൊണ്ടിരിക്കുക എന്നതാണ് ലക്ഷ്യം. Expansion ഒപ്പം രണ്ടുവശത്തേക്കും നമ്മളെ തള്ളിമാറ്റുകകൂടി ചെയ്യുന്നുണ്ട്. മൂലധനത്തിന്റെ തന്നെ പുതിയ രീതിയാണത്. അങ്ങനെ തള്ളപ്പെട്ട് പുറത്തുപോകുന്ന

ആളുകൾക്ക് ആകെയുള്ള ഒരു തിരഞ്ഞെടുക്കൽ ഈ expansion ന്റെ ഉള്ളിൽ ഉൾപ്പെടുക എന്നതാണ്. ഉൾപ്പെടുക എന്നാൽ അവരുടെ ജീവിതരീതികളെ കൂടി ഉൾക്കൊള്ളിക്കുക എന്നതല്ല. അതിനെയെല്ലാം പുറന്തള്ളിക്കൊണ്ട് expansion ന്റെ ഉള്ളിൽ ഉൾപ്പെടുക എന്നതാണ്. Expansion involves pushing people out of the way or pushing life in every form out of the way or subsuming life in different mode of being.

**2.** വിഭവങ്ങളുടെ അപര്യാപ്തത എന്ന ആശയത്തിനകത്തും ചില പ്രശ്നങ്ങൾ കാണുന്നുണ്ട്. സുസ്ഥിര വികസനം എന്ന ആശയവുമായി ബന്ധപ്പെട്ടാണ് 'അപര്യാപ്തത'യുടെ പ്രശ്നവും ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്നത്. ലോകത്ത് ഇന്ന് പ്രബലമായി നിൽക്കുന്ന മുതലാളിത്ത ഉത്പാദന മാതൃക തന്നെ മുന്നോട്ടുവയ്ക്കുന്ന ആശയമാണ് അപര്യാപ്തത എന്നത്. പരിസ്ഥിതിയുടെ മുകളിൽ സമ്മർദ്ദമില്ല എന്നോ ചൂഷണം നടക്കുന്നില്ല എന്നോ അല്ല ഞാൻ പറയുന്നത്. പക്ഷെ അപര്യാപ്തത എന്ന് പറയുന്നത് ഒരു ആശയഗതിയായിത്തന്നെ ഇന്ന് നിലനിൽക്കുന്നുണ്ട്. എങ്ങനെ വിഭവങ്ങൾ വിതരണം ചെയ്യപ്പെടുന്നു എന്ന ചിന്ത പക്ഷെ ആ ആശയത്തിന് പിന്നിലില്ല. അതിനു പുറകിലുള്ള ചിന്ത എന്നത്, ചില വിഭവങ്ങൾ അപര്യാപ്തമാണെന്നും അതുകൊണ്ട് മറ്റൊരു വികസന മാതൃക വേണ്ടി വരുമെന്നും അത് സുസ്ഥിര വികസനത്തിന്റെ മാതൃകയാണെന്നുമാണ്. ചുരുക്കത്തിൽ ഇപ്പോൾ നിലനിൽക്കുന്ന വികസന മാതൃകയെ നിലനിർത്തുക എന്ന ധർമ്മം തന്നെയാണ് സുസ്ഥിരവികസനവും ചെയ്യുന്നത്. ഇപ്പോഴത്തെ വികസന മാതൃക അടിസ്ഥാനമാക്കിയിരിക്കുന്നത് excess നെയാണ്. അതായത് കൂടുതലായി ഉത്പാദിപ്പിക്കുന്നതിനെ വിൽക്കുകയും അങ്ങനെ വിൽക്കുന്നതു വഴി ഒരുപരിധി വരെ ആളുകളെ കടത്തിലാക്കുകയും ചെയ്യുന്ന മോഡലാണത്. അതിന്റെ നിർമ്മിതി കൂടിയാണ് അപര്യാപ്തത. അപര്യാപ്തതയെ ഈ രീതിയിലല്ല മനസ്സിലാക്കേണ്ടത്. വിഭവങ്ങൾ പല സ്ഥലത്തും ആളുകൾക്ക് ഉപയോഗിക്കാൻ പാകത്തിൽ ഉണ്ടെന്നും അത് അപര്യാപ്തമാകുന്നത് ചില ആളുകൾ അതിനെ അമിതമായി ഉപയോഗിക്കുന്നതുകൊണ്ടാണെന്നും അതുകൊണ്ട് അപര്യാപ്തത എന്നത് വിഭവങ്ങളുടെ തുല്യമല്ലാത്ത വിതരണം കൂടിയാണ് എന്നും മനസ്സിലാക്കേണ്ടതുണ്ട്.

**3.** സാമൂഹ്യ അസമത്വങ്ങളും ലിംഗനീതിയും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളാണെങ്കിലും വികസനവുമായി ഇക്കാര്യങ്ങളെ എങ്ങനെ കൂട്ടിക്കെട്ടാം എന്നതിൽ എനിക്ക് സംശയമുണ്ട്. Financial expansion ന്റെ മോഡലാണ് മേധാവിത്തം പുലർത്തുന്നതെങ്കിൽ ഈ പറയുന്ന സംഗതികളെ ഉൾക്കൊള്ളിക്കുക എന്നത് പ്രയാസമാണ്. ഉൾക്കൊള്ളിക്കാൻ കഴിയും. സുസ്ഥിര വികസനം എല്ലാം അങ്ങനെ വരുന്നതാണ്. ചില കാര്യങ്ങളെ മാത്രം സുസ്ഥിരമാക്കി ലിംഗനീതിയും സാമൂഹ്യനീതിയും ഉറപ്പാക്കാൻ ശ്രമിക്കുമായിരിക്കും. പക്ഷെ അത് ഫലപ്രദമായ ഒരു ഉപായമല്ല. അതിനുപകരം വേണ്ടത് നല്ല ഭക്ഷണവും നല്ല ജീവിതവും നല്ല വായുവും നല്ല വിദ്യാഭ്യാസവും നല്ല ആരോഗ്യവും ജനാധിപത്യവും നിലനിൽക്കുന്ന inclusive ആയ സങ്കൽപ്പമാണ്. എന്നാൽ ഇപ്പോൾ സുസ്ഥിര വികസനം എന്ന് പറയുന്ന സങ്കൽപ്പത്തിനുള്ളിൽ സ്ത്രീകളുടെ പലരീതിയിലുള്ള തൊഴിലും അഡ്രസ് ചെയ്യുന്നതേയില്ല. ആ പ്രശ്നങ്ങളെ അഡ്രസ് ചെയ്തുകൊണ്ടു മാത്രമേ നമുക്ക് വികസനത്തെക്കുറിച്ചുള്ള ബദൽ ചിന്തകൾ മുന്നോട്ടുവയ്ക്കാൻ കഴിയൂ. സമത്വവും നീതിയും ആയിരിക്കണം അതിന്റെ മുഖ്യപരിഗണനകൾ.

**4.** കേരള മോഡൽ എന്ന് പറയുന്ന വികസനം സാധ്യമായതിന് ഒരു കാരണം ഇന്ത്യയിൽ നിലനിൽക്കുന്ന ഫെഡറലിസം തന്നെയാണ്. ഭരണഘടന അത് അത്രത്തോളം ഉറപ്പുനൽകുന്നില്ലെങ്കിലും സംസ്ഥാനങ്ങൾക്ക് അവരുടെ അധികാരങ്ങൾ നിശ്ചയിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള ഇടം ചിലകാര്യങ്ങളിലെങ്കിലും നിലനിന്നിരുന്നു. ഫെഡറൽ അധികാരത്തിലൂടെ കേരളത്തിന് ചെയ്യാൻ കഴിഞ്ഞ പലകാര്യങ്ങളും കേരള മോഡലിന് കാരണമായിട്ടുണ്ട്. എന്നാൽ ആഗോളവത്കരണത്തിന് ശേഷം ദേശരാഷ്ട്രങ്ങൾ കൂടുതൽ ശക്തമാവുകയും അധികാര കേന്ദ്രീകരണവും പോലീസിംഗും കൂടുകയും ചെയ്തു. ഫെഡറൽ അധികാരങ്ങൾ നീക്കം ചെയ്തു. കേന്ദ്രഭരണം ശക്തമായി. സംസ്ഥാനങ്ങൾക്ക് പല കാര്യങ്ങളും ചെയ്യാനുള്ള സ്വാതന്ത്ര്യം കുറഞ്ഞു. കേരള മോഡലിന്റെ തുടർച്ച നിലനിർത്തുക എന്നത് അതുകൊണ്ടുതന്നെ പ്രയാസമാണ്.

**5.** അമൂർത്തമായ കണക്കുകൾ വച്ച് വികസനത്തെ വിലയിരുത്തുക എന്നത് തെറ്റാണ്. ജി.ഡി.പി വർദ്ധനവിൽ ഊന്നുന്ന വികസന മാതൃക വരേണ്യവർഗ്ഗത്തിന് വേണ്ടിയുള്ള ഉത്പാദനത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഈ വികസന മാതൃകയുടെ ഫലമായി വലിയ മലിനീകരണമുണ്ടാവുകയും ആയിരക്കണക്കിന് ആളുകൾ മരിക്കുകയും ചെയ്താലും ജി.ഡി.പി വളർച്ച ഉയർന്നുതന്നെ നിൽക്കും. ആളുകൾ മരിക്കുന്നു എന്നത് അതിന് ഒരു പ്രശ്നമല്ല. ജനങ്ങളുടെ സൗഖ്യവും ജി.ഡി.പി വളർച്ചയും തമ്മിൽ ബന്ധമില്ല എന്ന കാര്യം തുറന്നുകാണിക്കാൻ സിവിൽ സമൂഹത്തിന് കഴിയണം. സിവിൽ സമൂഹവും പൊളിറ്റിക്കൽ സമൂഹവും തമ്മിലുള്ള ബന്ധവും വളരെ പ്രധാനമാണ്. സ്റ്റേറ്റിൽ നിന്നും മുഴുവനായി മാറി നിൽക്കുന്ന സിവിൽ സമൂഹങ്ങളാണോ അതോ ഒരു കറക്ടീവ് ഫോഴ്സ് എന്ന നിലയിൽ സ്റ്റേറ്റുമായി നിരന്തരം ഇടപെടുന്ന സിവിൽ സമൂഹങ്ങളാണോ നമ്മളെ പോലെ ഒരു പോസ്റ്റ് കൊളോണിയൽ രാജ്യത്തിന്റെ ആവശ്യം എന്ന് ആലോചിക്കണം. അതുപോലെ പ്രകൃതി എന്നത് മനുഷ്യനിൽ നിന്നും മാറിനിൽക്കുന്ന അസ്തിത്വമായി കാണുന്ന രീതി മാറണം. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും അതിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും മനുഷ്യരുമായി നന്നായി സംവദിക്കാൻ സാധിക്കണം. ആ സംവാദത്തിന് നിലവിലുള്ള സ്ഥാപനങ്ങളൊന്നും സഹായകമായിരിക്കില്ല. പൊതു ഇടങ്ങളാണ് അതിന് ഏറ്റവും അനുയോജ്യമായ ഇടം. ആ പൊതു ഇടങ്ങൾ നഷ്ടമായി എന്നതാണ് വലിയൊരു പ്രശ്നം. ശരിക്കുള്ള പൊതു ഇടങ്ങളെ തിരിച്ചുപിടിക്കേണ്ടി വരും. കുറ്റങ്ങൾ മാത്രം കാണുന്ന ഒരു സ്വഭാവം (cynicism) ഇവിടെ നിലനിൽക്കുന്നുണ്ട് എന്നതാണ് മറ്റൊരു പ്രശ്നം. വ്യവസ്ഥയ്ക്കുള്ളിലുള്ള സാധ്യതകളെ ദോഷൈകദൃക്കായി കാണേണ്ടതില്ല. വ്യവസ്ഥയ്ക്കുള്ളിൽ സാധ്യതകളുണ്ടെങ്കിൽ അത് ഉപയോഗപ്പെടുത്തുകതന്നെ വേണം.

**(സാമൂഹ്യശാസ്ത്ര ഗവേഷകൻ)**